പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4835

14/11/2019-ൽ മറുപടിയ്ക്ക്

# ടാലന്റ് ലാബ് പദ്ധതി

| ചോദ്യം<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തൊക്കയാണ്; | (എ) 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലുമായി 44705 ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുകയും 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക്ക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. സ്കൂളിലും ക്ലാസ്സ് മുറികളിലും ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങളും പരിശീലനങ്ങളും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ക്രമീകരിച്ച് നടപ്പിലാക്കി വരുന്നു. 'ന്യൂമാറ്റ്സ്', 'സ്റ്റെപ്പ്സ്' തുടങ്ങിയ ഗിഫ്റ്റഡ് കുട്ടികൾക്കുള്ള പദ്ധതികളും, 'ഹലോ ഇംഗ്ലീഷ് ', 'മലയാളത്തിളക്കം', 'ശ്രദ്ധ' തുടങ്ങിയ സവിശേഷ പഠനപോഷണ പരിപാടികളും ശാസ്ത്രപാർക്കുകൾ, ശാസ്ത്രഗണിത ക്ലാസുകൾ, ഗണിത വിജയം, ഉല്ലാസഗണിതം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) കുട്ടികളുടെ വൈവിധ്യമുള്ള കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച ടാലന്റ് ലാബ് പദ്ധതി ഗുണപ്രദമാണോ; വിശദമാക്കുമോ; | (ബി) ഗുണപ്രദമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആവിഷ്കരിച്ച സവിശേഷ പദ്ധതിയാണ് 'ടാലന്റ് ലാബ്'. ഓരോ കുട്ടിയിലും അന്തർലീനമായ സർഗ്ഗപ്രതിഭയെ കണ്ടെത്തി പരിപോഷിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റത്തിന്റെ പ്രതിഫലം വിദ്യാർത്ഥികളുടെ പഠന നിലവാരത്തിലും ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഉണ്ടായിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയിൽ 2016 മാർച്ചിൽ വിജയ ശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും 'എ പ്ലസ്സ്' ലഭിച്ച കുട്ടികളുടെ ശതമാനം 4.8 ൽ നിന്നും 2019 മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ 'എ പ്ലസ്സ്' ലഭിച്ചവരുടെ |

ശതമാനം 72.9 ശതമാനത്തിൽ നിന്നും 79.48 ശതമാനമായും ഉയർന്നു. ഹയർസെക്കന്ററി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠനയോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ ഇത് 84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്.

Namitha P

**സെക്ഷൻ ഓഫീസർ**